**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2254**

**16.08.2017 - ൽ മറുപടിക്ക്**

## ത്രിവേണി സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.ഡി.പ്രസേനൻ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) | ജനങ്ങളുടെ ആവശ്യം കണക്കിലെടുത്തുകൊണ്ട് ത്രിവേണി സ്റ്റോറുകളുടെ സൗകര്യം വർദ്ധിപ്പിക്കുക, അവശ്യ വസ്തുക്കളുടെ ലഭ്യത, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുക, വിലനിയന്ത്രണം സാധ്യമായ തരത്തിലുള്ള ഇടപെടൽ നടത്തുക, വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തികൊണ്ട് ഓൺലൈൻ വ്യാപാരം ശക്തിപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ വഴിയും പ്രിവിലേജ് കാർഡ് മുഖേനയും വ്യാപാരം വർദ്ധിപ്പിക്കുവാനും ത്രിവേണി സ്റ്റോറുകളുടെയും സൂപ്പർമാർക്കറ്റുകളുടെയും പ്രവർത്തനം ജനകീയമാക്കാനും<br>ശക്തിപ്പെടുത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കൺസ്യൂമർഫെഡ് മുഖേന നടപ്പിലാക്കുന്ന പുതിയ സംരംഭങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | കൺസ്യൂമർഫെഡ് മുഖേന നടപ്പിലാക്കുന്ന പുതിയ സംരംഭങ്ങൾ ചുവടെ ചേർക്കുന്നു.<br>**ഇ-ത്രിവേണികളുടെ പ്രവർത്തനം വ്യാപിപ്പിക്കൽ**<br>ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡ് ആരംഭിച്ച നാല് ഇ- |

| | | | |
|---|---|---|---|
| | | | ത്രിവേണികൾക്ക് പുറമെ 24 എണ്ണം കൂടി പുതിയതായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇവയിൽ പത്തനംത്തിട്ട, കോട്ടയം, വയനാട്, പാലക്കാട്, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, ഇടുക്കി എന്നിവിടങ്ങളിലായി 9 ഇ-ത്രിവേണികൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 15 ത്രിവേണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.<br><br>**ത്രിവേണി ഓൺലൈൻ ഓർഡറിംഗ് സിസ്റ്റം.**<br>ഷോപ്പുകളിൽ വന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ കഴിയാത്ത വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ എത്തിക്കുന്നതിനും ഈ ഇടപെടൽ വഴിയൊരുക്കും. ഈ ഓണക്കാലത്ത് തിരുവനന്തപുരം ജില്ലയിൽ ഓർഡറിംഗ് സിസ്റ്റം നടപ്പിലാക്കുന്നതാണ്.<br><br>**ഓണവിപണി**<br>ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500 ഓളം ഔട്ട് ലെറ്റുകളിലൂടെ സംഘടിപ്പിക്കുന്നതിനാണ് രൂപം നൽകിയിട്ടുള്ളത്. ഓണ വിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും പൊതു വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വിലക്കുറവിനോടൊപ്പം ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.<br><br>**ഓണം ബാസ്കറ്റ്**<br>ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡ് ഓണം ബാസ്കറ്റ് പുറത്തിറക്കുന്നതാണ്. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കുട്ടയിൽ ഓണത്തിന്റെ |

| | | | |
|---|---|---|---|
| | | | ഉപയോഗത്തിനുള്ള സാധനങ്ങൾ എല്ലാം ഉൾപ്പെടുത്തുന്നതാണ്.<br><br>**<u>നീതി ശൃംഖലയുടെ വ്യാപനം</u>**<br>സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുൻകൈയെടുത്ത് 2000 നീതി ഔട്ട്ലെറ്റുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>**<u>മുഴുവൻ സമയ സബ്സിഡി വിതരണം</u>**<br>സെപ്റ്റംബർ 1 മുതൽ മാർച്ച് 31 വരെ 13 ഇനങ്ങൾക്ക് സബ്സിഡി നിരക്കിൽ പ്രാഥമിക സർവ്വീസ് സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും ത്രിവേണി സ്റ്റോറുകളിലൂടെയും വിൽപ്പന നടത്തുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നുണ്ട്.<br><br>**<u>നീതി കൊമേഴ്സ്യൽ ഗ്യാസ്</u>**<br>നിലവിലുള്ള ഡൊമസ്റ്റിക്ക് ഗ്യാസ് വിതരണം കൊമേഴ്സ്യൽ ആക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**